ഉത്തരം

(എ) ഉണ്ട്. കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളംകയറി കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനു സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി ഉണ്ടായ നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കാൻ റവന്യൂവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ 23-12-2002-ലെ സർക്കാർ ഉത്തരവു പ്രകാരം ചുമതലപ്പെടുത്തിയിരിക്കുകയാണ്. അദ്ദേഹം നാശത്തിന്റെ തോത്, മാനദണ്ഡം തുടങ്ങിയവ പരിശോധിക്കുന്നു.

(ഡി) കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ തോട്ടപ്പള്ളി സ്പിൽവേയിലെ കേടുവന്ന ഷട്ടറുകൾ നീക്കംചെയ്ത് പുതിയവ സ്ഥാപിക്കുന്നതിനു ഇറിഗേഷൻ വകുപ്പു മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ ഇടത്തോടുകളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികളും ഇറിഗേഷൻ വകുപ്പു മുഖാന്തിരം സ്വീകരിച്ചുവരുന്നു.

കള്ളിൽ നിന്നും എത്തനോൾ നിർമ്മിക്കുവാൻ അനുമതി

99 [382] ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. എൻ. ശക്തൻ :

,, സി. പി. മുഹമ്മദ് :

,, കെ. എ. ചന്ദ്രൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരകർഷകനു സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾക്ക് അനുമതി നൽകണമെന്ന് ഇൻഫാം അഭ്യർത്ഥിച്ചിട്ടുണ്ട്;

(ബി) തെങ്ങിൻകള്ളിൽനിന്നും എത്തനോൾ നിർമ്മിക്കുന്നതിനുള്ള ഒരു നിർദ്ദേശം അവർ സമർപ്പിച്ചിട്ടുണ്ടോ;

(സി) കള്ളിൽനിന്നും എത്തനോൾ നിർമ്മിക്കുന്നത് തെങ്ങുകർഷകനു സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ സഹായകമാകുമോ;

(ഡി) എങ്കിൽ കള്ളിൽ നിന്നും എത്തനോൾ നിർമ്മിക്കുവാൻ അനുമതി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരകർഷകനു സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതിനായി കേര ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിനും വിപണിക്കുമായി ഒരു സമുച്ചയനിർമ്മാണത്തിനായി 330 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് ഇൻഫാം സമർപ്പിച്ചിരുന്നു. അത് നാളികേരവികസന ബോർഡിനു നാളികേര ടെക്നോളജി മിഷനിൽ പരിഗണിക്കുന്നതിനായി അയച്ചുകൊടുത്തു.

(ബി) ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്തെ കൃഷി ഭവനുകൾ

100 [383] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിലൂടെ 1996-2001 കാലയളവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്;

(സി) ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും ഈ പദ്ധതികൾക്കുവേണ്ടി ആകെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതികൾക്കുവേണ്ടി എന്തു തുകവീതമണ് ചെലവഴിച്ചിട്ടുള്ളത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിഭവനുകൾ മുഖാന്തിരം ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1048 കൃഷി ഭവനുകൾ പ്രവർത്തിക്കുന്നു.

(ബി ആന്റ് സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിയ പദ്ധതികളുടേയും ചെലവായ തുകകളുടേയും വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി) ഈ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടേയും ചെലവാക്കിയ തുകകളുടേയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly